**ഹയർ സെക്കൻററി വിദ്യാഭ്യാസ**

**ഡയറകട്റുടെ കാര്യാലയം**

**ഹൗസിങ് ബോർഡ്**

**ബിൽഡിംഗ്**

**തിരുവനന്തപുരം–1**

നംബർ. **ICT Cell/1771/4 /HSE/2018** **27/06/2018**

# <u>സർക്കുലർ</u>

**വിഷയം : പ്ലസ്‌വൺ ഏകജാലക പ്രവേശനം–സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അഡ്മിഷൻ : പ്രിൻസിപ്പൾമാർക്കുള്ള നിർദ്ദേശങ്ങൾ**

**സൂചന : ഇതേ നമ്പറിൽ ജൂൺ 20 ലെ സർക്കുലർ**

ഏകജാലക സംവിധാനത്തിൽ മെരിറ്റ് ക്വാട്ടയിൽ പ്ലസ്‌വൺ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ സ്കൂൾ/കോമ്പിനേഷൻ മാറ്റത്തിന് അപേക്ഷിക്കാൻ **ജൂൺ 25** ന് ഉച്ചയ്ക്ക് 2 മണി വരെ സമയം അനുവദിച്ചിരുന്നു. പ്രസ്തുത അപേക്ഷകൾ പരിഗണിച്ചുകൊണ്ടുള്ള ട്രാൻസ്ഫർ അലോട്ട്മെൻറ് റിസൾട്ട് **, ജൂൺ 28** ന് രാവിലെ 10 മണി മുതൽ പ്രവേശനം സാധ്യമാകത്തക്കവിധം പ്രസിദ്ധീകരിയ്ക്കുന്നതാണ്.. വിദ്യാർത്ഥികൾക്ക് അഡ്മിഷൻ വെബ്സൈറ്റിൽ “TRANSFER ALLOT RESULTS” എന്ന ലിങ്കിലൂടെ റിസൾട്ട് പരിശോധിക്കാനുള്ള സൗകര്യം അതത് സ്കൂൾ പ്രിൻസിപ്പൾമാർ ചെയ്ത് കൊടുക്കേണ്ടതും ട്രാൻസ്ഫർ അലോട്ട്മെൻറ് സ്ലിപ്പ് എടുത്ത് നൽകേണ്ടതുമാണ്. അതേ സ്കൂളിൽ കോമ്പിനേഷൻ മാറ്റം ലഭിച്ചാലും പുതിയ സ്ലിപ്പ് പ്രകാരം പ്രവേശനം മാറ്റി കൊടുക്കേണ്ടതാണ്. സ്കൂൾ മാറ്റം ലഭിച്ച വിദ്യാർത്ഥികൾക്ക് കാലതാമസം കൂടാതെ വിടുതൽ സർട്ടിഫിക്കറ്റും( സ്കൂൾ അഡ്മിൻ യൂസറിൽ ലഭ്യമാക്കിയിട്ടുള്ള TC Generator( For Students Transferred to other school in School/Combination Transfer Allotment) എന്ന ലിങ്കിലൂടെ വിടുതൽ സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യാവുന്നതാണ്.) സ്വഭാവ സർട്ടിഫിക്കറ്റും മറ്റു അസ്സൽ രേഖകളും നൽകി പുതിയ സ്കൂളിൽ പ്രവേശനത്തിന് ഹാജരാകാൻ ആവശ്യപ്പെടണം. **ട്രാൻസ്ഫർ**

**അലോട്ട്മെൻറിലൂടെ ലഭിച്ച സ്കൂൾ/കോമ്പിനേഷൻ മാറ്റം യാതൊരു കാരണവശാലും റദ്ദാക്കുന്നതല്ല.**

സ്കൂൾ അഡ്മിൻ യൂസറിൽ "TRANSFER ALLOT & TIE RANK REPORT" എന്ന ലിങ്കിൽ നിന്നും അതത് സ്കൂളിലേക്ക് അലോട്ട് ചെയ്യപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് ലഭിക്കുന്നതാണ്. പ്രിൻസിപ്പൾമാർ "TRANSFER ALLOT LIST" പ്രിൻെറടുത്ത് വിദ്യാർത്ഥികൾ കൊണ്ടു വരുന്ന രണ്ടു പേജുള്ള അലോട്ട്മെൻറ് സ്ലിപ്പ് അസ്സൽ രേഖകളുമായി ഒത്തു നോക്കി സാധുത ഉറപ്പാക്കി അഡ്മിഷൻ നടത്തേണ്ടതാണ്. , **ജൂൺ 28** ന് രാവിലെ 10 മണി മുതൽ **ജൂൺ 29** വൈകിട്ട് 4 മണി വരെ സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ പ്രകാരമുള്ള അഡ്മിഷൻ നടത്തേണ്ടതാണ്. പ്രവേശനം നേടുന്ന വിദ്യാർത്ഥി വിവരങ്ങൾ അതത് ദിവസം തന്നെ "HITC" യൂസറിലുള്ള"ADMISSION DETAILS ENTRY" എന്ന ലിങ്കിലൂടെ അപ്ഡേറ്റ് ചെയ്യേണ്ടതുമാകുന്നു.

**സ്കൂൾ/കോമ്പിനേഷൻ മാറ്റം ലഭിച്ചവർ ഒടുക്കേണ്ടുന്ന ഫീസിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ**

**1. നിലവിലെ സ്കൂളിൽ തന്നെ കോമ്പിനേഷൻ മാറ്റം ലഭിച്ചവർ .**

നിലവിൽ പ്രവേശനം ലഭിച്ച സ്കൂളിൽത്തന്നെ മറ്റൊരു കോമ്പിനേഷനിലേയ്ക്ക് മാറ്റം ലഭിച്ച വിദ്യാർത്ഥികൾ,പ്രസ്തുത കോമ്പിനേഷൻ മാറ്റത്തിൻെറ ഫലമായി അടയ്ക്കേണ്ടുന്ന അധിക ഫീസ് മാത്രം ഒടുക്കിയാൽ മതിയാകും.

**2. ഒരേ കോമ്പിനേഷനിൽത്തന്നെ സ്കൂൾ മാറ്റം ലഭിച്ചവർ .**

നിലവിൽ പ്രവേശനം നേടിയ അതേ കോമ്പിനേഷനിൽത്തന്നെ മറ്റൊരു സ്കൂളിലേയ്ക്ക് മാറ്റം ലഭിച്ച വിദ്യാർത്ഥികൾ പുതുതായി ഫീസ് ഒന്നും തന്നെ ഒടുക്കേണ്ടതില്ല.ഇവർ കോഷൻ ഡെപ്പോസിറ്റ്,പി.റ്റി.എ ഫണ്ട് എന്നിവ ഒടുക്കണം.

**3. പുതിയൊരു സ്കൂളിൽ പുതിയൊരു കോമ്പിനേഷനിൽ പ്രവേശനം ലഭിച്ചവർ.**

കോമ്പിനേഷൻ മാറ്റത്തോടെ പുതിയൊരു സ്കൂളിലേയ്ക്ക് മാറ്റം ലഭിച്ച വിദ്യാർത്ഥികൾ,പുതിയ കോമ്പിനേഷന്റെ ഭാഗമായി ഒടുക്കേണ്ട അധിക ഫീസ്,കോഷൻ ഡെപ്പോസിറ്റ്,പി.റ്റ്.എ ഫണ്ട് എന്നിവ ഒടുക്കേണ്ടതാണ്.

സ്കൂൾ മാറ്റം ലഭിച്ച് പുതിയ സ്കൂളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്നും ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ,ആദ്യം പ്രവേശനം നേടിയ സ്കൂളിൽ ഒടുക്കിയ ഫീസിന്റെ രസീത് വാങ്ങി സൂക്ഷിക്കേണ്ടതും,അധിക ഫീസിനത്തിൽ വരുന്ന തുക മാത്രം വീണ്ടും ഒടുക്കാൻ നിർദ്ദേശിക്കേണ്ടതുമാണ്.

**സ്കൂൾ മാറ്റം ലഭിച്ച വിദ്യാർത്ഥികൾക്ക് അവർ ആദ്യം പ്രവേശനം നേടിയ സ്കൂളിൽ ഒടുക്കിയ കോഷൻ ഡെപ്പോസിറ്റ്,പി.റ്റി.എ ഫണ്ട് എന്നിവ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ നിർബന്ധമായും തിരികെ നൽകേണ്ടതാണ്.**

**ഏതെങ്കിലും തരത്തിലുള്ള പ്രാദേശിക അവധി ഉണ്ടാവുകയാണെങ്കിൽപ്പോലും പ്രവേശന നടപടികൾ തടസപ്പെടാതിരിക്കാൻ വേണ്ട ക്രമീകരണങ്ങൾ അതത് പ്രിൻസിപ്പൾമാർ സ്വീകരിക്കേണ്ടതാണ്.**

**ഡയറക്ടർ**